**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **16-09-2025 - ൽ മറുപടിയ്ക്ക്**

**പേരാവൂർ താലൂക്ക് ആശുപത്രിയുടെ സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ താലൂക്ക് ആശുപത്രിയുടെ സംരക്ഷണ ഭിത്തി നിർമ്മാണത്തെ തുടർന്ന് വർഷങ്ങളായി താമസിക്കുന്നവരുടെ വഴി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | (എ) | പൊതു ആവശ്യത്തിനായി ഒരു ആശുപത്രി നിർമ്മിക്കുന്നതിന് കേരള സർക്കാർ നിയമപരമായി ഏറ്റെടുത്തതാണ് പേരാവൂർ താലൂക്ക് ആശുപത്രിയുടെ ഭൂമി. ഈ ഭൂമി ഏറ്റെടുക്കുന്ന സമയത്ത് പ്രസ്തുത വസ്തുവകയ്ക്കുള്ളിൽ ഒരു പൊതുവഴിയും ഉണ്ടായിരുന്നില്ല. ഇക്കാര്യം പഞ്ചായത്ത് രേഖകളും സ്ഥിരീകരിക്കുന്നു. പേരാവൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലം പരിസരവാസികളായ സ്വകാര്യ വ്യക്തികൾ അനധികൃതമായി കയ്യേറിയാണ് വഴിയായി ഉപയോഗിച്ചിരുന്നത്. പേരാവൂർ താലൂക്കാശുപത്രി ഭൂമി കയ്യേറി നടത്തിയ അനധികൃത നിർമ്മാണ പ്രവൃത്തികൾ കണ്ണൂർ ജില്ലാ കളക്ടറുടെ ഉത്തരവ് അനുസരിച്ച് റവന്യൂ അധികാരികൾ പൊളിച്ചു മാറ്റിയിരുന്നു. കോവിഡ് വ്യാപനത്തെത്തുടർന്ന് ഈ സ്ഥലത്തുകൂടിയുള്ള സഞ്ചാരം തടയുകയും തുടർന്ന് മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ തടയണമെന്ന് കാണിച്ച് ബഹു കേരള ഹൈക്കോടതി മുമ്പാകെ WP(C) 14049/2021, WP(C) 21980/22, WP(C)36328/22 എന്നീ കേസുകൾ നിലവിലുണ്ട്. നിർമ്മാണ പ്രവൃത്തികൾ ബഹു. ഹൈക്കോടതി തടയാത്ത സാഹചര്യത്തിൽ, ആശുപത്രി ഭൂമി സംരക്ഷിക്കേണ്ടതിന്റെ ഭാഗമായാണ് ചുറ്റുമതിൽ നിർമ്മാണം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ